ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **രാജ്യത്ത് 12 ഗ്രീൻ ഫീൽഡ് വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കാൻ കേന്ദ്രമന്ത്രിസഭ അംഗീകാരം. പദ്ധതിയിൽ ഇടം നേടി പാലക്കാട് ജില്ലയും.**

Government approves 12 new industrial smart cities under National Industrial Corridor Development Programme; Palakkad district of Kerala also included in the project.

2. **730 സ്വകാര്യ എഫ്എം റേഡിയോ ചാനലുകൾ ആരംഭിക്കാനുള്ള ലേലനടപടികൾക്ക് കേന്ദ്രമന്ത്രിസഭ അനുമതി നൽകി.**

Union Cabinet approves e-auction of 730 private FM channels in the nation.

3. **വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഇന്ന് സർവകക്ഷിയോഗം.**

In Kerala, CM Pinarayi Vijayan will hold an all party meet today to discuss the rehabilitation of the Wayanad landslide survivors

4. **ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ സ്മരണയിൽ രാജ്യം ഇന്ന് ദേശീയ കായിക ദിനം ആഘോഷിക്കുന്നു.**

The country celebrates National Sports day today in tribute to the Hockey legend Major Dhyan chandon as the day marks his birth anniversary.

5. **പാരീസ് പാരാലിമ്പിക്സിന് വർണാഭമായ തുടക്കം. മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ സംഘം.**

**Paralympic Games 2024 have been officially inaugurated with a grand opening ceremony in Paris. Indian contingents all set to bag medals.**

*************************************************************************************

## CABINET DECISIONS

രാജ്യത്ത് 12 ഗ്രീൻ ഫീൽഡ് വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കാൻ കേന്ദ്രമന്ത്രിസഭ അനുമതി നൽകി. പദ്ധതിയിൽ പാലക്കാട് ജില്ലയും ഉൾപ്പെടും. ദേശീയ വ്യാവസായിക ഇടനാഴി വികസന പദ്ധതിക്ക് കീഴിലാണ് വ്യാവസായിക സ്മാർട്ട് സിറ്റികൾ ആരംഭിക്കുന്നത്. ഇതിലൂടെ 28,602 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പദ്ധതിയിലൂടെ പത്തു ലക്ഷം പേർക്ക് നേരിട്ടും 30 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. 10 സംസ്ഥാനങ്ങളിലായി പ്രധാനപ്പെട്ട 6 ഇടനാഴികളിലൂടെയാണ് വ്യാവസായിക സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നത്. റെയിൽവെയുടെ 6,456 കോടി രൂപയുടെ പദ്ധതികൾക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

*************************************************************************************

## PIYUSH GOYAL

കേന്ദ്ര അംഗീകാരം ലഭിച്ച പുതിയ ഗ്രീൻഫീൽഡ് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റി പദ്ധതി വികസിത ഭാരതമെന്ന ലക്ഷ്യത്തിന് ഊർജ്ജം പകരുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ. സന്തുലിതമായ പ്രാദേശിക വികസനം സാധ്യമാക്കുന്നതിനൊപ്പം നിക്ഷേപങ്ങളിൽ വൻ കുതിപ്പിനും വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു. പാലക്കാട് വ്യവസായ സ്മാർട്ട്സിറ്റിക്ക് ലഭിച്ച കേന്ദ്ര അംഗീകാരം സ്വാഗതാർഹമെന്ന് കേരള വ്യവസായ മന്ത്രി P.

രാജീവ് പറഞ്ഞു. സംസ്ഥാനത്തിൻറെ വ്യവസായ വളർച്ചയ്ക്ക് ഏറെ സഹായകരമാണ് ഈ പ്രഖ്യാപനമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

**************************************************************

## CABINET FM CHANNELS

രാജ്യത്ത് 730 സ്വകാര്യ എഫ്എം റേഡിയോ ചാനലുകൾ ആരംഭിക്കാനുള്ള ലേലനടപടികൾക്ക് കേന്ദ്രമന്ത്രിസഭ അനുമതി നൽകി. 234 നഗരങ്ങളിലെ എഫ്എം ചാനലുകൾക്കുള്ള ഇ-ലേലമാണ് നടക്കുന്നത്. പാലക്കാടും കാസർകോഡ് ജില്ലയിലെ കാഞ്ഞങ്ങാടും മൂന്നു വീതം ചാനലുകൾ ഇതിലുൾപ്പെടും. തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, മാതൃഭാഷയിലെ ഉള്ളടക്കം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. കാർഷിക അടിസ്ഥാന വികസന ഫണ്ടിന്റെ വിപുലീകരണത്തിനും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.

**************************************************************

## PRESIDENT – WOMEN S SAFETY

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ലെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കൊൽക്കത്തയിൽ യുവ വനിത ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിന്റെ പശ്ചാതലത്തിൽ സമൂഹ മാധ്യമമായ എക്സിൽ പങ്കുവെച്ച കുറിപ്പിലാണ് ശ്രീമതി മുർമു ആശങ്ക പങ്കുവെച്ചത്. കൊൽക്കത്ത സംഭവം രാജ്യത്തെ മുഴുവൻ ഞെട്ടിച്ചിരിക്കുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

**************************************************************

## WAGE REVISED SONOWAL

പ്രധാന തുറമുഖങ്ങളിലെ തൊഴിലാളികളുടെ വേതന ഘടന, പെൻഷൻ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് അംഗീകാരം നൽകിയതായി കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ . ഇതിനായി വേജ് നെഗോസിയേഷൻ കമ്മിറ്റിയും ഇന്ത്യൻ പോർട്ട് അസോസിയേഷനും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. തുറമുഖ തൊഴിലാളികൾക്ക് നീതിയുക്തമായ പരിഗണന ഉറപ്പാക്കുന്നതിൽ സുപ്രധാനമായ ഒരു ചുവടുവെപ്പാണ് ഇതെന്ന് ശ്രീ സോനോവാൾ പറഞ്ഞു.

*********************************************************************

## CHAMPAI SOREN – RESIGNATION

മുൻ ജാർഖണ്ഡ് മുഖ്യമന്ത്രി ചമ്പയ് സൊറേൻ, ഹേമന്ത് സൊറേൻ മന്ത്രിസഭയിൽ നിന്നും രാജിവച്ചു. ജാർഖണ്ഡിലെ ഉന്നത വിദ്യാഭ്യാസ, സാങ്കേതിക വിദ്യാഭ്യാസ, ജലവിഭവ വകുപ്പ് മന്ത്രിയായിരുന്നു ശ്രീ ചമ്പയ് സൊറേൻ. ജാർഖണ്ഡ് മുക്തി മോർച്ചയുടെ എല്ലാ സ്ഥാനങ്ങളിൽ നിന്നും അദ്ദേഹം ഒഴിഞ്ഞു. പാർട്ടിയുടെ പ്രവർത്തന ശൈലിയും നയങ്ങളുമാണ് തന്നെ പാർട്ടി വിടാൻ പ്രേരിപ്പിച്ചതെന്ന്, നാളെ ബിജെപിയിൽ ചേരാനിരിക്കുന്ന ചമ്പായി സൊറേൻ, ജെഎംഎം പ്രസിഡന്റ് ഷിബു സൊറേന് അയച്ച കത്തിൽ പറയുന്നു.

*********************************************************************

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*********************************************************************

## ALL PARTY MEETING

കേരളത്തിലെ വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ ഇന്ന് സർവകക്ഷിയോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ ഓൺലൈനായി വൈകുന്നേരമാണ് യോഗം. സർവ്വകക്ഷി യോഗത്തിന് ശേഷം പുനഃരധിവാസ-പുനർനിർമ്മാണ പാക്കേജിന് അന്തിമരൂപമാകും.

*************************************************************************

## NIYAMASABHA SAMITHI- VISIT

നിയമസഭ പരിസ്ഥിതി സമിതി ഇന്നും നാളെയും കോഴിക്കോട്, വയനാട് ജില്ലകളിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. മേഖലയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്ന് സമിതി വിവരശേഖരണം നടത്തും.

*************************************************************************

## NATIONAL SPORTS DAY - (INTRO)

ഇന്ന് ദേശീയ കായിക ദിനം. ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ സ്മരണാർഥമാണ് അദ്ദേഹത്തിന്റെ ജന്മദിനമായ ആഗസ്റ്റ് 29-ന് രാജ്യം ദേശീയ കായിക ദിനമായി ആഘോഷിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്.....**

**(VOICE.....)**

കായിക മേഖലയുടെ പ്രാധാന്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യൻ ഹോക്കി ഇതിഹാസം മേജർ ധ്യാൻചന്ദിന്റെ പാരമ്പര്യത്തെയും ഇതോടൊപ്പം ആദരിക്കുന്നു. രാജ്യത്തുടനീളം കായിക രംഗത്തിന്റെ പ്രോത്സാഹനത്തിനായി വിവിധ പരിപാടികളും സംരംഭങ്ങളും ഇന്ന് സംഘടിപ്പിക്കും. മേജർ ധ്യാൻ ചന്ദ് ഇന്ത്യൻ കായികരംഗത്തിന്

നൽകിയ നിസ്തുലമായ സംഭാവനകളെ അംഗീകരിച്ചുകൊണ്ട് അദ്ദേഹത്തിൻ്റെ അസാധാരണമായ അർപ്പണബോധവും അച്ചടക്കവും അഭിനിവേശവും ഈ ദിവസം ആഘോഷിക്കപ്പെടുന്നു. 2012-ലാണ് കേന്ദ്ര സർക്കാർ മേജർ ധ്യാൻ ചന്ദിൻ്റെ ജന്മദിനം ദേശീയ കായിക ദിനമായി പ്രഖ്യാപിച്ചത്. ഈ വർഷത്തെ ദേശീയ കായിക ദിനം കായിക ക്ഷമതയുടെ അജയ്യമായ ചൈതന്യത്തെ ആഘോഷിക്കുന്നു. സ്പോർട്സിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതിനും ശാരീരിക ക്ഷമത പരിപോഷിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, അടുത്ത തലമുറയിലെ കായികതാരങ്ങളെ വാർത്തെടുക്കുന്നതിനും ദേശീയ കായിക ദിനാചരണം ലക്ഷ്യമിടുന്നു.

ന്യൂസ് ഡെസ്ക്, ആകാശവാണി....

******************************************************************************

## MORN. PARALYMPIC GAMES

പാരലിമ്പിക് ഗെയിംസ് 2024 ന് പാരീസിൽ വർണാഭമായ തുടക്കം.ഗെയിംസിൻറെ ഔദ്യോഗിക ഉദ്ഘാടനം ഫ്രഞ്ച് പ്രസിഡൻ്റ് ഇമ്മാനുവൽ മാക്രോ നിർവഹിച്ചു. 167 രാജ്യങ്ങളെ പ്രതിനിധീകരിച്ച് 4,400 ഓളം പാരാലിമ്പ്യന്മാർ മാർച്ച് പാസ്റ്റിൽ പങ്കെടുത്തു. ജാവലിൻ ത്രോ താരം സുമിത് അന്തിലും ടേബിൾ ടെന്നീസ് താരം ഭാഗ്യശ്രീ ജാദവുമാന് ഇന്ത്യൻ സംഘത്തെ നയിച്ചത്. ഇന്ത്യയിൽ നിന്ന് 84 പാരാ അത്‌ലറ്റുകളാണ് ഗെയിംസിൽ മത്സരിക്കുന്നത്. പാരാലിമ്പിക് ചരിത്രത്തിലെ ഇന്ത്യയുടെ ഏറ്റവും വലിയ സംഘമാണിത്.

******************************************************************************

## PM-PARALYMPICS

പാരീസ് പാരാലിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തിന് ഇന്ത്യയിലെ 140 കോടി ജനങ്ങൾ ആശംസകൾ നേരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി . ഓരോ കായികതാരത്തിന്റെയും ധൈര്യവും നിശ്ചയദാർഢ്യവും രാജ്യത്തിനാകെ പ്രചോദനമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

*****************************************************************************

## SUPER LEAGUE FOOTBALL

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ടൂർണമെൻറിലെ തെക്കൻ കേരളത്തിലെ ഏക ഫ്രാഞ്ചസിയായ തിരുവനന്തപുരം കൊമ്പൻസ് ഗോവയിൽ മൂന്ന് സൗഹൃദ മത്സരങ്ങളിൽ പങ്കെടുക്കും. ഗോവയിലെ മത്സരങ്ങൾ ടീമിന് ഏറെ ഗുണം ചെയ്യുമെന്ന് കൊമ്പൻ എഫ്.സി യുടെ മുഖ്യ പരിശീലകൻ സെർജിയോ അലെക്സാന്ദ്രേ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

*****************************************************************************

## MORN. INDIA RUSSIA

ദുരന്ത നിവാരണ മേഖലയുമായി ബന്ധപ്പെട്ട ഇന്ത്യ - റഷ്യ സംയുക്ത കമ്മിഷന്റെ രണ്ടാമത്തെ യോഗം ഇന്നലെ മോസ്കോയിൽ നടന്നു. കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായി ഇന്ത്യയെ പ്രതിനിധീകരിച്ച് യോഗത്തിൽ പങ്കെടുത്തു. യോഗത്തിന്റെ ആദ്യ ദിവസം, 2025-2026 ൽ ഈ മേഖലയിലെ സഹകരണത്തിനായുള്ള പ്രവർത്തന പദ്ധതിയിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനും, അതിന്റെ അനന്തര ഫലങ്ങൾ ലഘൂകരിക്കുന്നതിനുമായി സംയുക്ത സമിതി

രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ യോഗത്തിൽ തീരുമാനമുണ്ടാകും.

*************************************************************

## NTF-MEET

രാജ്യത്തെ മെഡിക്കൽ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച നടപടികൾ ചർച്ച ചെയ്യാൻ രൂപീകരിച്ച ദേശീയ ദൗത്യ സേന , സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരുമായും ഡിജിപിമാരുമായും ചർച്ച നടത്തി. കേന്ദ്ര ആഭ്യന്തര സെക്രട്ടറി, ആരോഗ്യ സെക്രട്ടറി എന്നിവരുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായാണ് യോഗം ചേർന്നത്.

റോഡുകളിലെ വിജനമായ പ്രദേശങ്ങളിൽ C.C.T.V ക്യാമറകൾ സ്ഥാപിക്കുക, 112 ഹെൽപ്പ് ലൈനിൽ ആരോഗ്യപ്രവർത്തകരേയും ഉൾപ്പെടുത്തുക, തുടങ്ങിയവ ഉറപ്പാക്കണമെന്ന് ആഭ്യന്തര സെക്രട്ടറി നിർദേശം നൽകി.

*************************************************************

## CANCER MEDICINES

കേരളത്തിൽ കാൻസർ മരുന്നുകൾ കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്ന കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആൻറി കാൻസർ ഡ്രഗ് പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. എല്ലാ ജില്ലകളിലെയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികൾ വഴി 247 ഇനം മരുന്നുകളാണ് ഇത്തരത്തിൽ ലഭ്യമാക്കുന്നത്.

*************************************************************

## EC HARYANA BJP

പാർട്ടി പ്രചാരണ വീഡിയോയിൽ കുട്ടിയെ ഉൾപെടുത്തിയതിൽ ഹരിയാന ബിജെപി അധ്യക്ഷൻ മോഹൻ ലാൽ ബഡോളിക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ കാരണം കാണിക്കൽ

നോട്ടീസ് അയച്ചു . ഹരിയാനയിൽ തെരെഞ്ഞെടുപ്പ് പ്രചാരണത്തിനായി സോഷ്യൽ മീഡിയ സൈറ്റായ എക്സിലെ ബി ജെ പി യുടെ പോസ്റ്റിനെതിരെയാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി. രാഷ്ട്രീയ പാർട്ടികളും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ കുട്ടികളെ ഉൾപ്പെടുത്താൻ പാടില്ല എന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ്റെ മാർഗനിർദേശം.

*************************************************************************************

## HI SQUAD- ASIAN CHAMPIONS TROPHY

അടുത്തമാസം 8 മുതൽ 17 വരെ ചൈനയിലെ ഹുലുൻബുയറിൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫിക്കുള്ള 18 അംഗ ഇന്ത്യൻ പുരുഷ ഹോക്കി ടീമിനെ പ്രഖ്യാപിച്ചു. ടൂർണമെൻ്റിൽ ഏഷ്യയിലെ ഏറ്റവും മികച്ച ടീമുകളായ ഇന്ത്യ, കൊറിയ, മലേഷ്യ, പാക്കിസ്ഥാൻ, ജപ്പാൻ, ചൈന എന്നിവർ മാറ്റുരക്കും. നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യയെ ഹർമൻപ്രീത് സിംഗ് നയിക്കും. സെപ്റ്റംബർ എട്ടിന് ചൈനയ്ക്കെതിരായ ആദ്യ മത്സരത്തോടെ ഇന്ത്യയുടെ പോരാട്ടം ആരംഭിക്കും.

*************************************************************************************

*************************************************************************************

*************************************************************************************